# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 187 26/09/2016-ൽ മറുപടിക്ക്

## മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| (എ) | മാവൂർ പഞ്ചായത്തിലെ ചെറൂപ്പ ഹെൽത്ത് സെന്റർ നടത്തിപ്പ് പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | മാവൂർ പഞ്ചായത്തിലെ ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ ഫീൽഡ് അക്ടിവിറ്റീസ് ഒഴികെയുള്ള നടത്തിപ്പ് പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പരിധിയിലാണ്. |
| ബി) | ഇതുമൂലം മാവൂർ പഞ്ചായത്തിന് നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായ-ത്തിന് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | എം.സി.എച്ച് ചെറൂപ്പ യൂണിറ്റ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന-തിനാൽ ടി കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് പഞ്ചായത്തിന്റെ പദ്ധതികൾ നിർവ്വഹണം നടത്താൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ ചില പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തന്നെയാണ് നിർവ്വഹണം നടത്തുന്നത്. ആയത് മൂലം ആരോഗ്യമേഖലയിലെ പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. |
| സി) | മാവൂർ പഞ്ചായത്തിൽ ഒരു പി.എച്ച്.സി ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാ-വുമോ; വ്യക്തമാക്കാമോ? | സി) | മാവൂർ ഗ്രാമ പഞ്ചായത്തിൽ നിലവിൽ എം.സി.എച്ച് യൂണിറ്റ് കൂടിയായ 24X7 പി.എച്ച്.സി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പുതുതായി പി.എച്ച്.സി ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ